

# വി.വി.വി.എച്ച്.എസ്.എസ്
# അയത്തിൽ

# <u>ഞങ്ങളുടെ വിദ്യാലയം</u>








# ഉള്ളടക്കം

1.പ്രിയ ജോൺസാറിന്
2. അമ്മ
3.ദൈവം
4.അത്തിമരവും തത്തയും
5.ഗണിത ക്വിസ്
6.അമ്മ
7.ഭരണ ഭാഷയും മലയാളവും
8.കമ്പ്യൂട്ടറിനെക്കുറിച്ച്
9.നെപ്പോളിയനും കണക്കും
10.കുട്ടികൾക്ക് ആത്മവിശ്വാസം പകരാൻ  ചില മന്ത്രങ്ങൾ
11.അമ്മ
12.സ്മരണാഞ്ജലി
13.കേരളം
14.കരുണയും കാലവും
15.മറവി
16 കേരളം 2018 ഓഗസ്റ്റ്
17.കന്യക
18.നാം ചെയ്ത പാപങ്ങൾ
19.നഷ്ട് ബോധം
20.ആസ്വാദന കുറിപ്പ് ഓടയിൽ നിന്ന്
21.സംഖ്യകൾ
22.ശകുന്തളാ ദേവി
23.വിദ്യാലയം പ്രതിഭയിലേക്ക്
24.ആർട്ട് ഗ്യാലറി

# സന്ദേശം

വിദ്യാഭ്യാസ വകുപ്പിന്റെ കൈറ്റ്സ് കൂട്ടായ്മയുടെ ഭാഗമായ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ വിവരവിനിമയ സാങ്കേതികരംഗത്ത് മുതൽക്കൂട്ടാണ്. ഈ യൂണിറ്റിന്റെ ഭാഗമായി അയത്തിൽ വേലായുധ വിലാസം വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിലും മികച്ച പ്രവർത്തനങ്ങൾ നടന്നു വരുന്നു. മുംബൈയിൽ നടന്ന നാഷണൽ റോബോട്ടിക്സ് മത്സരത്തിൽ പങ്കെടുക്കാൻ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ അംഗങ്ങളായ അനസ്സ്, ഇർഫാൻ, അഫ്സൽ അലി എന്നീ വിദ്യാർത്ഥികൾക്ക് ഭാഗ്യം ലഭിച്ചത് സ്കൂളിന് വലിയൊരു അംഗീകാരമായി. കുട്ടികളുടെ സർഗ്ഗവാസനകളെ വാനോളം ഉയർത്തുവാൻ ഈ കൂട്ടായ്മയുടെ ഭാഗമായ ഇ- മാഗസീനിലൂടെ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

തുമ്പികൾ പറയുന്നത്

# സ്മരണാഞ്ജലി



വി.വി.വി.എച്ച്.എസ്.എസ് അയത്തിൽ

# ജോൺസാർ

ഭൂമിയിൽ മനുഷ്യരുടെ മേൽ ഈശ്വരനു നിയന്ത്രണം ഉണ്ടെന്നുള്ളതിന്റെ തെളിവാണ് മരണമെന്ന് എവിടയോ വായിച്ചുകേട്ടിട്ടുണ്ട്. കാലചക്രം ഉരുളുമ്പോൾ നക്ഷത്രങ്ങളായി ആകാശത്തിന്റെ നീലിമയിൽ നമ്മെ വേർപിരിഞ്ഞവർ കാണപ്പെടുന്നെന്നും അവർ നമ്മേ നോക്കി പുഞ്ചിരിക്കുമെന്നും ഒരിക്കൽവായിച്ചിട്ടുണ്ട്. ഒരു കുടുംബത്തെയും സഹപ്രവർ ത്തകരേയും ശിക്ഷ്യപരമ്പരയേയും അനാഥമാക്കികൊണ്ട് ആ മാർഗദീപം എന്നന്നേക്കുമായി ഇല്ലാതെയായി. ഒരിക്കൽ പോലും ആരേയും വേദനിപ്പിക്കാത്ത മുഖംകറുത്ത് ആരോടും പെരുമാറിയിട്ടില്ലാത്ത, പുഞ്ചിരിയുമായി മാത്രം സ്കൂളിലേക്ക് കടന്നുവരുന്ന ജോൺസാറിന്റെ ഓർമ്മകൾ എന്നും ഞങ്ങളിൽ മായാതെ നിൽക്കും. പ്രിയ സഹപ്രവർത്തകന്റെ സ്മരണയ്ക്കു മുന്നിൽ ഒരുപിടി കണ്ണിനീർപ്പൂക്കൾ അർപ്പിച്ചുകൊണ്ട്

സഹപ്രവർത്തകർ

# ഓർമ്മയിൽ ഒരു നിമിഷം















# തുമ്പികൾ പറയുന്നത്















# പ്രിയ ജോൺസാറിന്



അറിവിൻെറ ആദ്യാക്ഷരങ്ങൾ പഠിപ്പിച്ച-
അക്ഷയപാത്രമാം അധ്യാപകൻ
അകലെ നിന്നൊഴുകിടും പുഴപോലെ-
വന്നീ വിദ്യാലയത്തിൻ വിളക്കാകവേ.....
വിദ്യാർത്ഥികൾക്കെന്നും പ്രിയമായി-
വന്നൊരു വിദ്യകൾ പകരുന്നൊര-
ധ്യാപകൻ....

9D

# അമ്മ

അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർഥി ആയിരുന്നു മനു.ആ സമയത്താണ് അവന്റെ അച്ഛൻ മരിച്ചത്. അതിനു ശേഷം സ്വന്തമെന്നു പറയാൻ അവന്റ അമ്മ മാത്രമേ ഉണ്ടായിരുന്നുള്ളൂ. വളരെ കഷ്ടപ്പെട്ടാണ് അവനെ വളർത്തിയത്. അമ്മയ്ക്ക് അവൻ ജീവനായിരുന്നു. അവനും അതുപോലെതന്നെ. അവൻ അമ്മയെ ഒരു രീതിയിലും വിഷമിപ്പിക്കില്ലായിരുന്നു. കാരണം, അമ്മ അവനെ എത്രത്തോളം കഷ്ടപ്പെട്ടാണ് വളർത്തിയതെന്ന് അവന് അറിയാമായിരുന്നു. പത്താം ക്ലാസ്സ് പരീക്ഷയുടെ മാർക്ക് വന്നപ്പോൾ മനു ഉന്നത വിജയം നേടി തുടർവിദ്യാഭ്യാസത്തിനു വേണ്ടി മനുവിനെ അവന്റെ അമ്മ ഒരു ബന്ധുവിന്റെ വീട്ടിലേക്ക് അയച്ചു എന്നാൽ അവന്റെ ശീലങ്ങൾ ഒട്ടാകെ മാറി.അവൻ പുതിയ കൂട്ടുകാരുമായി ചേർന്ന് ലഹരി പദാർഥങ്ങൾ ഉപയോഗിക്കാൻ തുടങ്ങി.അവന്റെ അമ്മ വിവരങ്ങൾ അറിഞ്ഞു.അവനെ തിരികെ വീട്ടിലേക്ക് കൊണ്ടുവന്നു.അവൻ തീർത്തും ഒരു മനോരോഗിയായി മാറി. അമ്മയെ ഉപദ്രവിക്കാനും തുടങ്ങി.അമ്മ അവനെ ചികിൽസിക്കാനായി ആശുപത്രിയിൽ കൊണ്ടുപോയി.മൂന്ന് നാല് മാസത്തെ ചികിൽസ കഴിഞ്ഞ് അവൻ അമ്മയുടെ പഴയ മകനായി തിരികെ വന്നു.അവന്റെ നാട്ടിൽ തന്നെ പഠിച്ച് അവൻ ഒരു ഉദ്യോഗസ്ഥനായി അവന്റെ അമ്മയെ ജോലിയ്ക്ക് വിടാതെ പൊന്നു പോലെ നോക്കി.അവന്റെ അമ്മയ്ക്ക് പെട്ടെന്ന് ഒരു രോഗം പിടിപെട്ടു.എന്നിട്ടു പോലും അവന്റെ കാര്യത്തിൽ അമ്മ ഒരു വിട്ടുവീഴ്ചയും വരുത്തിയില്ല.കുറച്ച് ബുദ്ധിമുട്ടിയാണെങ്കിലും അവന് ഭക്ഷണം പാകം



ചെയ്ത് കൊടുക്കുകയും തുണി അലക്കി കൊടുക്കുകയും ചെയ്യും.ലഹരി മരുന്നിന് അടിമപ്പെട്ട സമയത്ത് അമ്മയെ ഉപദ്രവിച്ചതെല്ലാം അവൻ ഓർത്തു.വയ്യാത്ത അവസ്ഥയിൽ പോലും അമ്മ അവനെ എങ്ങനെയാണ് സ്നേഹിക്കുന്നതെന്ന് അവൻ ഇപ്പോൾ മനസ്സിലാക്കുന്നു.അവന്റെ അമ്മ അധികം വൈകാതെ മരണപ്പെട്ടു.ഇപ്പോൾ അവൻ ഒറ്റപ്പെട്ടു കഴിയുകയാണ്. അമ്മ അവനെ ശകാരിക്കുകയും വഴക്കുപറയുകയും ഒക്കെ ചെയ്തത് അവന്റെ നന്മയ്ക്ക് വേണ്ടിയാണെന്ന് മനസ്സിലാക്കിയപ്പോഴേക്കും അവന് അവന്റെ അമ്മയെ നഷ്ടമായി. ഇപ്പോൾ അവന് അവന്റെ അമ്മ എന്ന് വെച്ചാൽ കൺകണ്ട ദൈവമാണ്.

ശിവാനി.ബി.പി

ക്യാപ്സൂൾ കഥ

# ദൈവം



'ഈശ്വരാ.........'നോക്കിലും വാക്കിലും രൂപത്തിലും ഭക്തിനിറച്ച് അദ്ദേഹം
ക്ഷേത്രം ലക്ഷ്യം വച്ച് നടന്നു. പിന്നിൽ ഒരു വിളി "സാർ വല്ലതും തരണേ'' - ഒരു ഭിക്ഷക്കാരൻ
പുറകെ കൂടിയിരിക്കുകയാണ്.
"നാശം...''
"സാർ....സാർ...വല്ലതും കഴിച്ചിട്ട് രണ്ടാഴ്ചയായി''
"അതിന് ഞാൻ എന്തുവേണം?''
ഭിക്ഷക്കാരൻ അദ്ദേഹത്തെ തൊട്ടുവിളിച്ചു."സാർ......''
"ഛീ....നാശം! തൊട്ടശുദ്ധമാക്കി ....''
അയാൾ മുഖമടച്ച് ഒന്നു കൊടുത്തു.കൈയ്യും കാലും കഴുകി ക്ഷേത്രത്തിലെത്തി. ദീപാരാധനയ്ക്ക് നടത്തുറന്നപ്പോൾ അയാൾ നടുങ്ങിപ്പോയി....! ഭഗവാന്റെ കരണത്ത് അടിയുടെ പാട്................!
- ഗീത.കെ

# അത്തിമരവും തത്തയും

ഹിമാലയത്തിന്റെ താഴ്വരയിൽ ഗംഗയുടെ തീരത്തായി ധാരാളം അത്തിമരങ്ങൾ വളർന്നു നിന്നിരുന്നു.അതിൽ ഒന്നിൽ ഒരു തത്ത കൂടുംകൂട്ടി താമസിച്ചിരുന്നു.അവൻ അത്തിപ്പഴം തിന്നും ഗംഗയിലെ വെള്ളം കുടിച്ചും സന്തോഷത്തോടെ കഴിഞ്ഞുവരുകയായിരുന്നു. സംത്രിപ്തിയോടെ ജീവിക്കുന്ന തത്തയെ ഒരു ദേവൻ ശ്രദ്ധിച്ചു. ദേവനു തത്തയെ ഒന്നു പരീക്ഷിക്കണമെന്നു തോന്നി. ദേവൻ തന്റെ മന്ത്രശക്തികൊണ്ട് ആ മരത്തെ ഉണക്കി. അതിൽ പൊടി പറക്കുന്ന വിള്ളലും ഓട്ടകളുമുണ്ടായി.



അത്തിപ്പഴങ്ങൾഇല്ലാതെയായി. തത്തയ്ക്ക് മരത്തിലെജീവിതം പ്രയാസംനിറഞ്ഞതായി ഉപേക്ഷിച്ചു പോകാൻ മനസ്സുവന്നില്ലഅത് ഒരു പരാതിയും പരിഭവവും കൂടാതെഅവിടെത്തന്നെ താമസിച്ചിരുന്നു. ദേവൻ ഒരു വാത്തയുടെ രൂപത്തിൽ തത്തയെ സമീപിച്ചു. നീ ഈ മരത്തിൽ ജീവിക്കുകയാണെങ്കിൽ പട്ടിണി കൊണ്ടുമരിക്കും .ഈ ഉണങ്ങിയ മരം ഉപേക്ഷിച്ച് ഏതെങ്കിലും ഒരു നല്ല മരത്തിൽ കൂടുകൂട്ടി താമസിച്ചൂടെ. അതിനുത്തരമായി തത്ത പറഞ്ഞു. ഈ മരം എൻെറ ജനനം മുതലുള്ള സുഹൃത്താണ് ഈ മരമാണ് എനിക്ക് തീറ്റയും താമസസ്ഥലവും തന്നത്. ഇപ്പോൾ ഇതിനെ കൊണ്ട് ഒരുപയോഗവുമില്ലാതെ വന്നപ്പോൾ ഉപേക്ഷിച്ച് പോകുന്നത് ശരിയാണോ?

സന്തോഷകാലത്ത് നമ്മോടൊപ്പം ഉണ്ടായിരുന്നവർക്ക് സന്താപമുണ്ടാകുമ്പോൾ നമ്മളും ഉണ്ടാകണ്ടേ? തത്തയുടെ വാക്കുകൾ ദേവനെ വല്ലാതെ സന്തോഷിപ്പിച്ചു. ദേവൻ വാത്തയുടെ രൂപംവെടിഞ്ഞ്തത്തയുടെ പ്രത്യക്ഷമായി. നീ വളരെ വിശ്വസ്തൻആണ്.

വി.വി.വി.എച്ച്.എസ്.എസ് അയത്തിൽ


തുമ്പികൾ പറയുന്നത്

നിനക്ക് എന്ത് വരമാണ് ഞാൻ  നൽകേണ്ടത് ചോദിക്കൂ. എൻെറ സുഹൃത്തായ ഈ അത്തിമരം പണ്ടത്തേക്കാൾ ആരോഗ്യത്തോടെയും ഭംഗിയോടെയും വീണ്ടും വളരണം. അതുമാത്രം മതി എനിക്ക്. ദേവൻെറ അനുഗ്രഹത്തോടെ അത്തിമരം നിറയെപൂക്കളും കായ്കളും നിറഞ്ഞു. തത്ത വളരെ സന്തോഷത്തോടെ ആ മരത്തിൽ ജീവിച്ചു.

ഗുണപാഠം; ആപത്തിൽ കൂടെ നിൽക്കുന്നവരാണ് യഥാർത്ഥ സുഹൃത്ത്

ഫർസാന. എസ് 6A

# ഗണിത ക്വിസ്സ്



1. ആര്യഭടൻെറ ഏറ്റവും പ്രസിദ്ധമായ ഗ്രന്ഥം ഏത് ? ആര്യഭടീയം
2. ശാസ്ത്രങ്ങളുടെ ശാഖ എന്നറിയപ്പെടുന്ന ശാഖ ഏത് ?ഗണിതശാസ്ത്രം പൂജ്യമില്ലാത്ത സമ്പ്രദായം ? റോമൻ
3. ഒരു ഹെക്ടർ എന്നത് എത്ര ചതുരശ്ര മീറ്ററാണ് ? 1000
4. ഗ്രീക്ക് ശാസ്ത്രത്തിൻെറ ഉപജ്ഞാതാവ് ? ഥേൽസ്
5. എല്ലാ ശാസ്ത്രങ്ങളുടെയും രാജ്ഞിയുംസേവകനും എന്നു സവിശേഷിപ്പിച്ചതാര് ? എറിക് ടെംബിൾ ബെല്
6. തമിഴ്നാട്ടിൽ ജനിച്ച ലോക പ്രശസ്തനായ ശാസ്ത്രജ്ഞനാര് ? ശ്രീനിവാസൻ രാമാനുജൻ
7. അടിസ്ഥാന തത്ത്വങ്ങൾ എന്ന പുസ്തകത്തിൻെറ കർത്താവാര് ? യൂക്ലിഡ്
8. ഗോൾ എന്നറിയപ്പെടുന്ന സംഖ്യ ഏത് ? 10 നെ തുടർന്ന് 100 പൂജ്യം വരുന്ന സംഖ്യ.
9. സംഗണിത ശാസ്ത്രജ്ഞന്മാരുടെ 'ബൈബിൾ 'എന്നറിയപ്പെടുന്ന ഗ്രന്ഥം ?
10. എലമെൻറ്സ്
11. ഇരുഭാഗത്തുനിന്നും ഒരുപോലെ വായിക്കാൻ പറ്റുന്ന സംഖ്യയ്ക്ക് പറയുന്ന പേരെന്ത് ? പാലിൻ ഡ്രോം സംഖ്യ
12. ഭാരതീയ ഗണിതശാസ്ത്ര പ്രകാരം ആര്യഭടൻെറ ഏറ്റവും പ്രസിദ്ധമായ ഗ്രന്ഥം ഏത് ? ആര്യഭടീയം

13 അർബുദം"ഒരു സംഖ്യയെ സൂചിപ്പിക്കുന്നു ഏത് ? പത്തുകോടി

# അമ്മ




അമ്മിഞ്ഞ പാലിൻ ഉമ്മ ഞാൻ
നൽകാം താരാട്ടായി
മുത്തെ  ചാഞ്ഞുറങ്ങ്
വാവേ മടിമേലേ
വെണ്ണിലാ രാവിലെ താരാട്ടുപാടി
ഞാനുറക്കിടാം
വെണ്മതി ചന്ദ്രനെപോലെ
നീ വെണ്ണിലുദിക്കേണം
മുത്തെ  ചാഞ്ഞുറങ്ങ്
വാവേ മടിമേലേ

ഫർസാന ഷാജി
9.D

# ഭരണഭാഷയും
# മലയാളവും

നവംബർ-1 മലയാളികൾക്ക് ഏറെ വിശേഷപ്പെട്ട ദിവസമാണ്.1953-ലെസംസ്ഥാന പുനസ്സംഘടനാ കമ്മീഷൻെറ ശുപാർശ പ്രകാരമാണ് മലയാള-ഭാഷാ സംസ്ഥാനമെന്ന നിലയിൽ 1956 നവംബർ-1 ന്
കേരളം രൂപീകൃതമായത്.മലയാളത്തെ സ്നേഹിക്കുന്നവരുടെ മോഹം സഫലമാകുകയായിരുന്നു അന്ന്.




"ഐക്യകേരളം"എന്ന സങ്കല്പം സാക്ഷാത്കരിക്കാൻ നിരവധി ഭാഷാ പ്രേമികളുടെയും ദേശസ്നേഹികളുടെയും ത്യാഗോജ്ജ്വലമായ കർമ്മങ്ങളുടെ പിൻബലമുണ്ട്.ഒരു ജനാധിപത്യ രാജ്യത്ത് ഭരണം ജനാധിപത്യ പരമാകണമെങ്കിൽ-ആശയവിനിമയം ജനങ്ങളുടെ ഭാഷയിലാകണം എല്ലാവർഷവും നവംബർ1 മുതൽ 7 വരെ ഭരണഭാഷാവാരമായും ആഘോഷിക്കുന്നു. ഭരണാധികാരികളുടെ ഭാഷയാണല്ലോ ഭരണഭാഷ.ഇവിടെ ഭരണാ
ധികാരി ജനമാണ്.അപ്പോൾ അവരുടെ ഭാഷയിലാവണം ഭരണം നടക്കേണ്ടത്. ഭരണത്തിൽ ജനങ്ങൾക്ക് പങ്കുണ്ടാവണം
അങ്ങനെയെങ്കിൽ ആശയവിനിമയം പൂർണ്ണമാകണം.അതിന് ഭാഷ തടസ്സ-മാകാൻ പാടില്ല.ഭരിക്കുന്നവരുടെയും ഭരണീയരുടെയും ഭാഷ ഒന്നായാൽ മാത്രമേ വിനിമയം പൂർണ്ണമാകുകയുള്ളൂ.
ഭരണ-ബോധന രംഗങ്ങളിൽ മാതൃഭാഷ
വേണ വിദ്യാഭ്യാസ വകുപ്പിലെ 99% എഴുത്തുകുത്തുകളും മലയാളത്തിൽ തന്നെയാണ് എന്നുള്ളത് സന്തോ-ഷകരമായ കാര്യമാണ്.
അങ്ങനെ മകരക്കാറ്റിൻെറ , പുതുമണ്ണിൻെറ , പാലപ്പൂവിൻെറ കേരള-

തുമ്പികൾ പറയുന്നത്

ത്തെ നമുക്ക് മറക്കാതിരിക്കാം.മലയാള
ഭാഷയെ , മലയാളത്തിൻെറ നന്മയെ ,
സ്നേഹത്തെ വാത്സല്യത്തെ..    മെന്നതിൻെറ പ്രധാന പൊരുൾ
ഇതാണ്.
 കേരളത്തിലെ ഭരണഭാഷ എന്താവണം എന്നതിനെക്കുറിച്ച് ചർച്ച
ചെയ്തു.റിപ്പോർട്ട് സമർപ്പിക്കാൻ നിശ്ച-
യിച്ച സമിതി ശുപാർശ ചെയ്ത പ്രധാന-
കാര്യം ഇതാണ് ; ജനങ്ങൾക്കു തന്നെയാണ് എന്നുള്ളത് സന്തോ-
ഷകരമായ കാര്യമാണ്.വേണ്ടി ജനങ്ങൾ നടത്തുന്ന ജനങ്ങളുടെ ഭരണം
ജനങ്ങളുടെ ഭാഷയിൽത്തന്നെ വേണം.
ഇന്ന് വിദ്യാഭ്യാസ വകുപ്പിലെ 99% എഴുത്തുകുത്തുകളും മലയാളത്തിൽ
തന്നെയാണ് എന്നുള്ളത് സന്തോ-
ഷകരമായ കാര്യമാണ്.
അങ്ങനെ മകരക്കാറ്റിൻെറ ,
പുതുമണ്ണിൻെറ , പാലപ്പൂവിൻെറ കേരള-
ത്തെ നമുക്ക് മറക്കാതിരിക്കാം.മലയാള
ഭാഷയെ , മലയാളത്തിൻെറ നന്മയെ ,
സ്നേഹത്തെ വാത്സല്യത്തെ..

# കമ്പ്യൂട്ടറിനെക്കുറിച്ച്

പേര് ; കമ്പ്യൂട്ടർ

1. ജനനം ; 1832
2. അച്ഛന്റെ പേര് ; ചാൾസ് ബാബേജ്
3. അമ്മയുടെ പേര് ; ലേഡി അദാ ലൗലേസ്
4. ഇഷ്ടപ്പെട്ട പലഹാരം ; ചിപ്പ്
5. ഇഷ്ട്പ്പെട്ട അക്ഷരം ; സി
6. ഭയക്കുന്ന രോഗം ; വൈറസ് പനി
7. ഇഷ്ടപ്പട്ട മൃഗം ; മൗസ്
8. കൂട്ടുകാർ ; നല്ല പ്രോഗ്രാമുകൾ
9. ഇഷ്ടപ്പട്ട വസ്ത്രം ; സോഫ്റ്റവെയർ
10. ലക്ഷ്യം ; മനുഷരെപ്പോലെ ചിന്തിക്കുക
11. ഭാഗ്യനമ്പർ ; 0,1



# നെപ്പോളിയനും കണക്കും



ഫ്രാൻസിലെ ഒരു സ്കൂൾ ,അന്നൊരു തിങ്കളാഴ്ചയായിരുന്നു അവസാനത്തെ പീരീഡ് കണക്ക് ക്ലാസ്സാണ്. കണക്കുസാറിനെ കുട്ടികൾക്കെല്ലാം പേടിയായിരുന്നു. നീണ്ട ചൂരലും വീശി സർ ക്ലാസ്സിൽ എത്തി. ഭയഭക്തിബഹുമാനത്തോടെ കുട്ടികൾ എല്ലാവരും എഴുന്നേറ്റു സാറിനെ അഭിവാദ്യം ചെയ്തു.കുട്ടികളോടെല്ലാം ഇരിക്കുവാൻ ആംഗ്യം കാണിച്ചു. അധ്യാപകൻ കുട്ടികളുടെ മുഖത്തേയ്ക്ക് നോക്കി.നാപ്എന്ന കുട്ടിയൊഴിച്ച് ബാക്കിയെല്ലാകുട്ടികളുടെയും മുഖത്ത് ഭയത്തിന്റെ നിഴലുകൾ വീശിയിരിക്കുന്നു. നാപ്പാണ് ആ ക്ലാസിലെ ഏറ്റവും പ്രായം കുറഞ്ഞ കുട്ടി . നാപ്പാണ് ക്ലാസ്സിൽ കണക്കു ആദ്യം ചെയ്യുന്നത്. അതിസമർദ്ധൻ .അദ്ധ്യാപകൻ തുടർന്നു. "ഇന്നെന്താ എല്ലാവരുടെയും മുഖത്ത് ഇത്ര ഭയം . ഇന്ന് ഞാൻ ആരോടും ചോദ്യം ചോദിക്കുന്നില്ല . ഇന്ന് നമ്മുക്ക് കണക്കിലെ പുതിയ പാഠം പഠിക്കാം.'' കുട്ടികൾക്കെല്ലാം സന്തോഷമായി . അദ്ധ്യാപകൻ കണക്കിലെ പുതിയ പാഠങ്ങൾ പഠിപ്പിച്ചു .എന്നിട്ടു കണക്ക് ചെയ്യാനുള്ള ചോദ്യം ഇട്ടുകൊടുത്തു . അദ്ദേഹം പറഞ്ഞു ."ഇന്ന് നാം പഠിച്ച തിയറി അനുസരിച്ച് ചെയ്യേണ്ട ചോദ്യമാണിത് . നിങ്ങൾ വീട്ടിൽപോയി വളരെ ആലോചിച്ച് ഇതിന്റെ ഉത്തരം കണ്ടുപിടിക്കാൻ ശ്രമിക്കുക.'' കുട്ടികളെല്ലാം നോട്ടുബുക്ക് മടക്കി .

അവസാനത്തെ മണിയുടെ ശബ്ദവും ശ്രവിച്ചിരുന്നു . അപ്പോൾത്തന്നെ നാപ് കണക്ക് ചെയ്യാനുള്ള വഴിയെക്കുറിച്ച് ആലോചിക്കുകയായിരുന്നു .

ഇതിനിടയിൽ അവസാനത്തെ ബെല്ലടിച്ചു .സ്കൂൾ വിട്ടു കുട്ടികൾ പോയി . അദ്ധ്യാപകർ പോയി .സ്കൂൾ അടച്ചു പൂട്ടി . നേരം ഇരുട്ടിതുടക്കിയത് നാപ് അറിഞ്ഞതേയില്ല . അവന്റെ സർവ ശ്രദ്ധയും വിഷമകരമായ ഈ ചോദ്യത്തിന് ഉത്തരം എങ്ങനെ കണ്ടുപിടിക്കാം എന്ന കാര്യത്തിൽ മാത്രമായിരുന്നു .

നേരം ഇരുട്ടിയിട്ടും നാപിനെ കാണാത്തതുകൊണ്ട് നാപ്പിന്റെ അമ്മയ്ക്ക് പേടിയായി . അവർ നാപിനെ അന്വേഷിച്ച് പരക്കം പാഞ്ഞു . പലസ്ഥലത്തും അന്വേഷിച്ച് . നാപിനെ കാണാനില്ലെന്ന  വാർത്ത കേട്ടപ്പോൾ ഗ്രാമവാസികൾ ദുഃഖത്തിലായി . നാപിനെ അത്ര   കാര്യമായിരുന്നു എല്ലാവർക്കും. അതിനിടെ നാപ്പിനെക്കുറിച്ച്  പല കഥകളും ഗ്രാമത്തിൽ പരന്നു . സ്കൂളിൽ നിന്നും വരുന്നവഴി അവനെ ആരോ തട്ടിക്കൊണ്ടുപോയതാണെന്നും മറ്റുമൊക്കെ . നാപ്പിന്റെ അമ്മയും ഏതാനും അയൽക്കാരും കൂടി ധൃരയുള്ള  സ്കൂളിലെത്തി . സ്കൂളിന്റെ പരിസരം മുഴുവൻ തപ്പി . ഒടുവിൽ ഓരോ ക്ലാസ്സ്മുറിയും . അപ്പോൾ അതാ നാപ് . തന്റെ ക്ലാസ്സ്മുറിയിൽ ഒരു ബെഞ്ചിൽ നാപ്.അവൻ തളർന്നുറങ്ങുകയായിരുന്നു.

ശബ്ദം കേട്ട് അവൻ ഞെട്ടിയുണർന്നു . ഉറക്കെ വിളിച്ചു പറഞ്ഞു .
 എനിക്ക് പിടികിട്ടി സാർ ,ആ കണക്കു ഞാൻ ചെയ്തു .മറ്റുള്ള കുട്ടികൾ കളിപറഞ്ഞു രസിച്ചപ്പോൾ നാപ് സർവശ്രദ്ധയും ലക്ഷ്യത്തിലേയ്ക്ക തിരിച്ചു . നാപ്പിന്റെ ചിന്ത എങ്ങനെ കണക്കിന്റെ

ഉത്തരം കണ്ടെത്താം എന്നതിലായിരുന്നു . ഒടുവിൽ അവൻ ലക്ഷ്യത്തിലെത്തുകയും ചെയ്തു .ലക്ഷ്യത്തിലെത്താൻ ശ്രദ്ധയാണ് ഏറ്റവും ആവശ്യം എന്ന സത്യം നാപ് മറന്നില്ല ഈ കുട്ടി ആരായിരുന്നു എന്നോ .പിന്നീട് ലോകചരിത്രം തന്നെ മാറ്റിമറിച്ച നെപ്പോളിയൻ ബോണപ്പാർട്. കണക്കില്ല ഈ ഏകാഗ്രത യുദ്ധരംഗത്തും നെപോളിയനു ശീലമായിരുന്നു . അതായിരുന്നു അദ്ദേഹത്തിന്റെ വിജയരഹസ്യം .

# "കുട്ടികൾക്ക്ആത്മവിശ്വാസം പകരാൻ ചിലമന്ത്രങ്ങൾ"



*"നിന്നെ എനിയക്കറിയില്ലേ; നിന്നെ ഇത് ഏൽപ്പിച്ചപ്പോഴേ എനിയ്ക്കറിയാമായിരുന്നു, നീ ഇത് നന്നായി ചെയ്യുമെന്ന്.''

*"ഈ കാര്യത്തിൽ നിനക്ക് അഭിപ്രായം പറയാൻ കഴിയും.പറയൂ നിന്റെ അഭിപ്രായം കേട്ടേ തീരുമാനമെടുക്കൂ.''

*"നിനക്ക് ഈ കാര്യത്തിൽ സ്വന്തമായി തീരുമാനമെടുക്കാൻ കഴിയും. നിന്റെ തീരുമാനം എനിയ്ക്കും സമ്മതമാണ്.''

*"ഇങ്ങനെ വേണം കുട്ടികൾ,മിടുക്കി.എനിക്ക് സന്തോഷവും അഭിമാനവും തോന്നുന്നു നിന്റെ പ്രവർത്തിയിൽ.''

-ഗീത.കെ.

# അമ്മ

അമ്മ, ദൂരദേശത്തേക്ക് ഏതോ ഒരു
പട്ടണത്തിൽ നാനാവിധ ക്ലേശങ്ങളിൽ കഴിഞ്ഞുകൂടുന്ന മകന്
ഹൃദയവേദനയോടെ എഴുതുകയാണ്;



"മകനേ,ഞങ്ങൾക്കു നിന്നെ ഒന്നു കാണണം."
ഇത്രയുമല്ല,വളരെ വളരെ വാക്യങ്ങൾ.വ്യാകരണ
നിയമമോ അക്ഷരവടിവോയില്ല. എങ്കിലും
അമ്മയുടെ മനോദുഃഖം മുഴുവനും സ്പഷ്ടം. തമ്മിൽ
കണ്ടിട്ടു വളരെ കാലമായി.
അമ്മ നിത്യവും പ്രതീക്ഷിക്കുന്നുണ്ടെന്നു
മകനറിയാം.പക്ഷേ,എന്തു ചെയ്യും?
ചെന്നുപറ്റാൻ പണമില്ല. നിത്യജീവിതത്തിനുതന്നെ
ഞെരുക്കാം.എങ്ങനെയെങ്കിലും നാളെ യാത്ര തിരിക്കണം; ചെന്ന്
അമ്മയെ കാണണം,എന്നു സമാധാനിക്കും.ഇതിനിടയിൽ ദിവസങ്ങൾ
ആഴ്ചകളായും ആഴ്ചകൾ
മാസങ്ങളായും മാസങ്ങൾ വർഷങ്ങളായും-കാലം അങ്ങനെ
കടന്നുപോകയാണ്.
അമ്മ നിത്യവും മകനെ പ്രതീക്ഷിക്കുന്നു.

ഞാൻ ഇതുവരെ പറഞ്ഞതും ഇനി പറയാൻ പോകുന്നതും എന്റെ അമ്മയെ പറ്റിയാണ്. ഇത്തരം സംഭവങ്ങൾ, ഭാരതത്തിലെ ഓരോരോ മക്കൾക്കും പറയാൻ  കാണും. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തെ പറ്റിയാണ് ഞാൻ പറയാൻ പോകുന്നത്. ഓർക്കാൻ വിഷമമുള്ള കാര്യം.അതും
അമ്മയുമായി വലിയ ബന്ധം ഒന്നുമില്ല. ഞാൻ അമ്മയുടെ മകനാണെന്നുള്ള ബന്ധം മാത്രം.എന്നെപ്പോലുള്ള സന്താനങ്ങളെ പ്രസവിച്ച അമ്മമാർ ഭാരതത്തിലെങ്ങുമുണ്ട്. അവരുടെ സന്താനങ്ങൾ മാതൃഭൂമിയുടെ സ്വതന്ത്ര്യത്തിനായി പോരാടിയ കുറ്റത്തിനു ജയിലുകളിൽ അടയ്ക്കപ്പെട്ട
കാലത്ത് ആ അമ്മമാർ എന്തു
ചെയ്തു? ഭാരതത്തിലെ യുവതിയുവാക്കന്മാർ- അവരെ എവിടെനിന്നോ വലിഞ്ഞുകയറിയ വെള്ളക്കാരുടെ ഗവൺമെന്റിന്റെ കിങ്കരന്മാരായ ഭാരതീയർതന്നെ ഇടിച്ചും തൊഴിച്ചും എല്ലുകൾ ഞെരിച്ചും ജയിലുകളിൽ അടച്ചിരുന്ന കാലത്ത് അവരുടെ അമ്മമാർ വെളിയിലുള്ള ലക്ഷോപലക്ഷം ഭവനങ്ങളിൽ ഇരുന്ന് എന്തു ചെയ്തു? ഓർക്കാൻ കഴിയുമോ? ഒന്നും എനിക്ക് ഊഹിക്കാൻ കഴിയുകയിലെങ്കിലും എന്റെ അമ്മ എന്തു ചെയ്തു എന്ന് എനിക്ക് നല്ലവണ്ണം അറിയാം.
ആ പഴമ്പുരാണം ഞാൻ ഇവിടെ കുറിക്കാൻ പോകുന്നതു മറ്റു യാതൊരുദ്ദേശ്യത്തിൻപേരിലുമല്ല.
അമ്മയുടെ എഴുത്തു വായിച്ചപ്പോൾ പഴയ ചില ഓർമ്മകൾ എന്നിലുണ്ടായി. ഞാൻ വൈക്കം തലയോലപ്പറമ്പിൽനിന്നു നൂറ്റിച്ചില്വാനം മൈൽ ദൂരെ കോഴിക്കോട്ടേക്ക് ഉപ്പുസത്യാഗ്രഹത്തിനു പോയ കഥ.

**ഉപ്പുസത്യാഗ്രഹം! ഓർമ്മിക്കുവാൻ കഴിയുമോ?**
**അതിവിടെ രേഖപ്പെടുത്തുന്നതിനു മുമ്പ് ചിലതു പറയുവാനുണ്ട്.ഞാൻ ഇതെഴുതുന്നത് ആയിരത്തിത്തൊള്ളായിരത്തി മുപ്പത്തെട്ടിൽ ആണെന്നോ ഇന്ത്യ ഇന്നും അസ്വതന്ത്രയാണെന്നോ ഉള്ള രഹസ്യമല്ല. മോഹൻദാസ് കരം ചന്ദ് ഗാന്ധി എന്ന മനുഷ്യൻ കാരണമാണ് ഞാൻ ആദ്യമായി അടിയും ഇടിയും കൊണ്ടതെന്നുള്ള രഹസ്യമാണ് എനിക്കിവിടെ രേഖപ്പെടുത്താനുള്ളത് .**

# കേരളം



എത്ര സുന്ദരമാണീ കേരളം
എത്ര മനോഹരമാണീ കേരളം
നദികളരുവികളൊഴുകുമെൻ കേരളം
ദൈവത്തിൻ നാടെന്നറിയുമെൻ
കേരളം
പച്ച നിറഞ്ഞ മനോജ്ഞമെൻ
കേരളം
കേളികൊട്ടുയരുന്നതെൻ കേരളം
മലയാളഭാഷ മൊഴിയുമെൻ കേരളം
മലയാളികൾ തൻ സുന്ദര കേരളം
എത്ര സുന്ദരം തന്നെയീ കേരളം
അരുവികൾ നിറഞ്ഞൊഴുകുന്ന കേരളം
എത്ര സുന്ദരം നമ്മുടെ കേരളം
നമ്മുടെ സ്വന്തം കേരളം
നാടാണ് കേരളം
പച്ചപ്പു കാണുന്ന കേരളം
എത്ര മനോഹരമാണെൻ കേരളം
ഹരിതവർണ്ണാഭമായ ഈ നാടിനെ
സംരക്ഷിക്കേണ്ടവരല്ലയോ നാം.

ജയമോൾ

# കരുണയുറ കാലവും

വിദൂര വിഹാര ബിംബമേ നീയെത്രധന്യ
വിഹായസിൽ ഒളിചിന്നും തെന്നലെ
ജീവാമൃതം പകർന്നും താരാട്ട് പാടിയും
നിന്നിലെ എന്നിൽ ലയിച്ചതും
ഇന്നലെയുടെ സ്മൃതി പഞ്ചരം
ഞാറ്റുവേലക്കാലവും ഋതുക്കളുംമാറി
കാറ്റിളക്കി കോളുകാട്ടി കാടിളക്കി
സംഹാര രുദ്രയാവുന്നതും നീ.



നിതിൻ പ്രമോദ്
9A

# മറവി

ഓർമ്മയില്ലിന്നെനിക്കെന്റെ ബാല്യക്കാലം,
തന്ന ഓർമ്മകൾ പൂക്കുന്ന പുണ്യക്കാലം.
പഴയൊരോർമ്മ തൻ മാറാല മാറ്റി
ഞാൻ പണിപ്പെട്ടു തുടങ്ങിയൊരേറെക്കാല
എരിവും മധുരമുള്ളൊരു
ജീവിതപദയാത്രയെന്നിലൂടനീളവും,



ആരുമില്ലായെനിക്കാരുമില്ലായെന്നൊരാ ഗദ്ഗദം ഉള്ളിൽ
കേണിടുമ്പേൾ
പൊയ്പ്പോയ കാലങ്ങൾ തിരികെയെ-
ത്തുമെന്നോർത്തോർത്തു പോകുന്നിതെപ്പോഴും ഞാൻ.

കവിത ലക്ഷ്മിപ്രഭ. പി

# കേരളം 2018 ഒഗസ്റ്റ്

കയർത്തുപേമാരി ചൊരിഞ്ഞതമൂലം
ലയത്തിലിപ്പാരിടമെങ്ങുമൊപ്പം
ഉയർന്നുവെള്ളം, നരവംശമപ്പോൾ
ഭയന്നു വല്ലാതെ പരിഭ്രമിച്ചു.
പുരപ്പുറത്തും മനമേലുമോരോമരങ്ങൾതൻ
ശാഖകൾ തോറുമായി
മരച്ചിരുന്നോരു നരർക്കശേഷം
ദുരന്തമാമാരി വരുത്തി വേഗം.



[മഹാകവി കട്ടക്കയം ചെറിയാൻ മാപ്പിള]

മഹാകവി കട്ടക്കയത്തെ ഈ വരികളെ- ഴുതാൻ പ്രേരിപ്പിച്ചത് 99-ലെ വെള്ളപ്പൊക്കമെന്നറിയപ്പെടുന്ന 1924-ൽ കേരളത്തിലുണ്ടായ വെള്ളപ്പൊക്ക-മാകാം. ആ പ്രളയത്തെക്കുറിച്ചുള്ള കേട്ടുകേൾവി നമുക്കെല്ലാവർക്കുമുണ്ട്. എന്നാലതിനെയെല്ലാം വെല്ലുന്ന തരത്തിലുള്ള കേരള ചരിത്രത്തിൽ തന്നെ സമാനതകൾഅവകാശപ്പെടാനില്ലാത്ത ഒരു കൊടിയ വെള്ളപ്പൊക്ക ദുരന്തത്തിലൂടെയാണ് മലയാളികളെല്ലാം ഇപ്പോൾ കടന്നു പോയിക്കൊണ്ടിരിക്കുന്നത്.

കരകളെല്ലാം തന്റേത് മാത്രമാക്കിക്കൊണ്ട് പുഴകൾ കുതിച്ചൊഴികിയപ്പോൾ കൂടെ ഒഴുകി മുങ്ങി താഴ്ന്നത് ആ കരകളിൽ സ്വന്തം ജീവിതം കെട്ടിപ്പൊക്കിയ അനേകായിരം

തുമ്പികൾ പറയുന്നത്

മനുഷ്യരുടെ ജീവനായിരുന്നു. നമ്മളിൽ പലരുടേയും ഓർമ്മയിലെ ഏറ്റവും വലിയ ദുരന്തമാണ് സംഭവിച്ചിരിക്കുന്നത്.

അതേ, വലിയൊരു ദുരന്തത്തിലേക്ക് മുങ്ങിത്താണുപോയ കേരളത്തിന്റെ"അമ്മേ" എന്ന നിലവിള ഇപ്പോഴും തിരയടങ്ങാതെ ചെവിയിൽ ഇരമ്പുന്നുണ്ട്. കൂട്ടക്കരച്ചിലിന്റെ കുത്തൊഴുക്കിൽ നിന്നുകൊണ്ടും ആത്മവിശ്വാസത്തിലേയ്ക്ക് വഴിതിരിച്ചുവിട്ട മനസ്സാന്നിധ്യങ്ങൾ. ആരും തന്നെ നഷ്ടപ്പെടരുതേയെന്ന ചേർ ത്തുനിർത്തലുകൾ.അതേ എത്രവേഗമാണ് മനുഷ്യരൊന്നിച്ചത്. എല്ലാം മറന്ന് ഒരൊരുത്തരും സ്വയമൊൽക്കുന്നതെന്ന് ബോധ്യപ്പെടും വിധം  എത്രയോ പ്രകാശവേഗത്തിലാണ് സകല തിണ്ടാപ്പലകകളും തകർത്തെറിഞ്ഞ്

സാഹോദര്യത്തിന്റെ കരുതലിന്റെ മാഗ്നാകാർട്ടയായത് .“അതെ നമുക്ക് കഴിയും നമ്മൾ അതിജീവിക്കും "രു ഭൂതകർമ്മസേനയായി മാറിയത്.

ദുരന്തം വിതച്ച നാശത്തേക്കാൾ ആയിരമിരട്ടി ഉയരത്തിലാണ് ,വേഗത്തിലാണ് മനുഷ്യന് മനുഷ്യനോട് തോന്നുന്ന പ്രക്രുതിജന്യമായ ആത്മീയത നിലനിൽക്കുന്നതെന്ന് ബോധ്യപ്പെടും വിധം  എത്രയോ പ്രകാശവേഗത്തിലാണ് സകല തിണ്ടാപ്പലകകളും തകർത്തെറിഞ്ഞ്

സാഹോദര്യത്തിന്റെ കരുതലിന്റെ മാഗ്നാകാർട്ടയായത് .“അതെ നമുക്ക് കഴിയും നമ്മൾ അതിജീവിക്കും "

**<u>കന്യക</u>**

വി.വി.വി.എച്ച്.എസ്.എസ്  അയത്തിൽ

# കന്യക

എൻ.കൃഷ്ണപിള്ള

മലയാള സാഹിത്യത്തെ വിശ്വനാടക സാഹിത്യവുമായി ബന്ധിപ്പിച്ച വ്യക്തിയാണ് എൻ.കൃഷ്ണപിള്ള. അദ്ദേഹത്തിന്റെ 'കന്യക'എന്ന നാടകം പതിവു പോലെ ചിന്താഭരിതവും പ്രശ്ന നിഷ്ഠവുമാണ്.ഗ്രന്ഥകാരന്റെ ഒരു മാനസിക പുരോഗതിയായിട്ടാണ് നാം ഈ നാടകത്തെ കണക്കാക്കേണ്ടത്.കന്യകയിലെ പ്രശ്നം ഗൗരവമുള്ളതാണ്.




1944-ൽ രചിയ്ക്കപ്പെട്ട കന്യക ഒരു പ്രശസ്ത നാടകമാണ്.സാമൂഹിക പ്രശ്നത്തിനും വിചാരണത്തിനുമാണിതിൽ സ്ഥാനം. ഭാര്യയും മാതാവുമാകാനുള്ള ആഗ്രഹം ഭാരതിയോത് കർഷത്തേയും,മാവുലിനേയും വെല്ലുവിളിച്ചുകൊണ്ട് ഭ്രാന്തമെന്ന് തോന്നിക്കുന്ന രീതിയിൽ ഉഗ്രരൂപം പ്രദർശിപ്പിക്കുന്നതായി നമുക്ക് കാണാൻ കഴിയും.ഓരോ വാക്കും കഥയെ മുന്നോട്ട് നയിക്കാൻ പര്യാപ്തവുമാണ്.അനാവശ്യമായി ആരെകൊണ്ടും അദ്ദേഹം സംസാരിപ്പിക്കുന്നില്ല.

മുന്തുറുരൂപ ശമ്പളക്കാരി വേലക്കാരന്റെ കൂടെ ചാടിപ്പോവുക, ഇവർ തമ്മിൽ നേരത്തെയൊന്ന് സംസാരിച്ചിരുന്നതായി പോലും കാണുന്നില്ല. ഇവരുടെ ബന്ധത്തെ സൂചിപ്പിക്കുന്ന ഒരു വാചകം പോലും നാടക കൃത്ത് മറ്റാരെക്കൊണ്ടും പറയിപ്പിച്ചിട്ടുപോലുമില്ല. വിവാഹം എന്ന പരിപാവനതയെ ഇത്ര നിസ്സാരമായി അവതരിപ്പിച്ചത്

ദേവകിയുടെ ക്ഷമ നശിച്ചതുകൊണ്ടായിരി ക്കാം.പക്ഷേ അതിനു പാവം വേലുപിള്ള സാക്ഷിയാകേണ്ടിയിരുന്നില്ല.വേലുപ്പിള്ളയ്ക്ക് അല്പം കൂടി മജ്ജയും മാംസവും നൽകി അവതരിപ്പിക്കാമായിരുന്നു.അല്ലാതെ അയാളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ചുരുക്കത്തിൽ ദേവകിയുടെ അവസാന ചിത്രീകരണത്തിൽ പറ്റിയ പാളിച്ച ഒഴികെ സന്ദേശത്തിലായാലും, അഭിനയരംഗത്തായാലും, വളരെ വിജയം കൈവരില്ല ഒരു ഉത്തമ നാടകമാണ് കന്യക എന്നു നിസംശയം പറയാം.

മലയാള സാഹിത്യ വേദിയ്ക്ക് അനവധി സംഭാവനകൾ നൽകിയ നാടക കൃത്താണ് എൻ. കൃഷ്ണപിള്ള.വായനക്കാരുടെ മനസ്സിൽ തങ്ങി നിൽക്കുന്ന കഥാപാത്രമാണ് ദേവകി.വളരെ മികച്ച ഒരു നാടകമാണ് കന്യക. യുവതലമുറയുടെ തെറ്റിദ്ധാരണ മാറി ശരിയായ മാർഗത്തിലൂടെ നയിക്കാൻ പര്യാപ്തമായ ഗുണപാഠമാണ് കന്യക എന്ന നാടകത്തിലൂടെ ലഭിക്കുന്നത്.

# നാം ചെയ്ത പാപങ്ങൾ




നാം ചെയ്ത പാപങ്ങൾ
നാം ചെയ്ത ക്രൂരതകൾ
എന്തിന് നാം അമ്മയെ വേദനിപ്പിച്ചു..
എന്തിന് നാം അമ്മയെ വേദനിപ്പിച്ചു..
നമ്മയെ ചുമന്ന് വേദനയെ ചുമന്ന്
എന്തിന് എൻ അമ്മയെ വേദനിപ്പിച്ചു.
മനുഷ്യന്റെ ക്രൂരതകൾ കണ്ടു വേദനിച്ചിട്ടും
ഒന്ന് പൊട്ടിക്കരയാൻ പോലും
പറ്റാതെ നിന്ന ഭൂമി.......
മനുഷ്യന്റെ മന്ദനം മുരടിച്ചു.... എന്നിരുന്നാലുംനീ എൻ മാതയെ വേദനിപ്പിച്ചു.
സഹികെട്ട സഹയാർതിയാം നിന്ന ഭൂമി
പെട്ടന്ന് അവൾ പൊട്ടി കരഞ്ഞു.
ആ കണ്ണനീരിൽ നാം എല്ലാം മുങ്ങി
അവളുടെ തീജ്വാലകൾ നമ്മുടെ ആഡംബരത്തേയും അഹങ്കാ -
രത്തേയും ചുട്ടു കരിച്ചു.

സിജി

# നഷ്ടബോധം




വരമ്പുകൾ കയ്യാലകളായി
കയ്യാലകൾ വേലികളായി
വേലികൾ മതിലുകളായി
മതിലുകൾ നാലടിയിൽ
നിന്നും ആറടിയായി
ആറടിയിലേക്ക് ചെല്ലുമ്പോഴാണ്
അറിയുന്നത് സൗഹൃദങ്ങളും
ബന്ധങ്ങളും മതിലുകൾക്കപ്പുറത്തായിരുന്നെന്ന്.

നിതിൻ പ്രമോദ്.

# ആസ്വാദനകുറിപ്പ്
# ഓടയിൽനിന്ന്

– പി.കേശവദേവ്

മലയാള നോവൽ സാഹിത്യത്തിന് ഒരു മുതൽക്കൂട്ടാണ് പി.കേശവദേവും അദ്ദേഹത്തിൻെറ കൃതികളും.സാധാരണക്കാരുടേയും തൊഴിലാളികളുടേ -യും ജീവിതത്തെ ചിത്രീകരിച്ച കൊണ്ടാണ് കേശവദേവ് രംഗപ്രവേശനം ചെയ്തത്.സമൂഹത്തിൽ നിലനിന്നിരുന്ന ചൂഷണ മനോഭാവത്തേയും മുതലാളിത്ത്വ മേധാവിത്വത്തെയും അദ്ദേഹം ഈ നോവലിലൂടെ ആവിഷ്കരിച്ചിരിക്കുന്നു. ഒരു പാവപ്പെട്ട കുടുംബത്തെ രക്ഷിച്ച് അവർക്ക് ഒരു ജീവിതം കൊടുക്കുന്നതിലൂടെ ആത്മസംത്രിപ്തി നേടുന്ന പപ്പു എന്ന കഥാപാത്രം അനുവാചകഹ്രദയത്തിൽ ചിരപ്രതിഷ്ഠ നേടിയിരിക്കുന്നു.




ഈ നോവലിലെ മുഖ്യകഥാപാത്രമാണ് പപ്പു. കുട്ടിയായിരിക്കുമ്പോൾ തന്നെ സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കെതിരെ ശബ്ദമുയർത്തുന്ന ഒരു മനോഭാവം അവനിൽ വളർന്നു വരുന്നു. അവൻ സ്കൂളിൽ നിന്നും പുറത്താക്കപ്പെടുന്നു.സ്കൂളിൽ നിന്നും


പുറത്താക്കുന്ന അവനെ വീട്ടിൽ നിന്നും പുറത്താക്കുന്നു. എങ്കിലും കുറേ നാൾകൂടി നാട്ടിൽ
കഴിഞ്ഞ അവൻ ജന്മിയുടെ ആൾക്കാരുടെ ശല്ല്യം സഹിക്ക്യവയ്യാതെ വരുമ്പോൾ നാടുവിടുന്നു.

പട്ടണത്തിലെത്തിയ പപ്പു റെയിൽവേ ചുമട്ടുതൊഴിലാളിയായും,സോഡാഫാക്ടറിത്തൊ-ഴിലാളിയെയും തുണിമിൽ തൊഴിലാളിയെയുമൊക്കെ ജോലി .അങ്ങനെ ജീവിതംതള്ളിനീക്കുന്നു.
പക്ഷേ മുതലാളിയെ തന്നെ ചോദ്യം ചെയ്തതിന്
അവന് ജയിൽ ശിക്ഷ അനുഭവിക്കേണ്ടതായി വരുന്നു. ജയിൽ വാസത്തിനുശേഷം ഒരു റിക്ഷാവണ്ടി
കൂലികൊടുത്തവൻ ജോലി തുടങ്ങി . ഒരു ദിവസം
അവൻെറ റിക്ഷാവണ്ടി തട്ടി, അഞ്ചു വയസ്സായ ഒരു പെൺകുട്ടി ഓടയിലേക്ക് വീണു.അവളെക്കുറിച്ച് പൂർണമായി അറിഞ്ഞ പപ്പു ദരിദ്രയായ അമ്മമാത്രമുള്ള ഒരു പെൺകുട്ടിയാണ് അവളെന്ന് മനസ്സിലാക്കുന്നു.ലക്ഷ്മി എന്നു പേരുള്ള ആ പെൺകുട്ടിയേയും അവളുടെ അമ്മയേയും സംരക്ഷിച്ച് ,

ലക്ഷ്മിയെ വേണ്ടവിധം വിദ്യാഭ്യാസം ചെയ്യിക്കുന്നു.ലക്ഷ്മിയുടെ ഏതാവശ്യവും പപ്പു
നിറവേറ്റികൊടുക്കും.പക്ഷേ വളർന്നതോടെ അവൾ
പപ്പുവിനെ വെറുക്കാൻ തുടങ്ങുന്നു.ഗോപി എന്ന നല്ലവനായ ചെറുപ്പക്കാരൻ പപ്പുവിൻെറ നിസ്വാർത്ഥ
സേവനത്തെക്കുറിച്ച് ,സ്നേഹത്തെക്കുറിച്ച് ലക്ഷ്മിയ്ക്ക് മനസ്സിലാക്കി കൊടുക്കുന്നു.

ഇതിനിടെ പപ്പു ക്ഷയരോഗിയായി മാറുന്നു. ലക്ഷ്മിയും അവളുടെ അമ്മയും പപ്പുവിനെ വെറുക്കുന്നു. പപ്പു , ലക്ഷ്മിയുടെ കല്ല്യാണദിവസം നാടുവിട്ടു പോകുന്നു . കേശവദേവിൻറ അഭിമാന
ബോധവുമാണ് പപ്പു എന്ന കഥാപാത്രത്തിലൂടെ നമുക്ക് ദർശനീയമാകുന്നത്.ഈ സ്രിഷ്ടി സമൂ-ഹത്തിൽ ഒരു പൊൻപതാകയായി വാഴ്ത്തപ്പെടുന്നു.

# ശകുന്തളാ ദേവി




കണക്കുകൂട്ടുന്നതിൽ കംപ്യൂട്ടറുകളെ വെല്ലുന്ന വേഗതയുള്ള ശകുന്തളാ ദേവി സമകാലിക ഇന്ത്യയിലെ ഏറ്റവും അത്ഭുതകരമായ ഗണിത ശാസ്ത്ര പ്രതിഭാസമാണ്. ബാംഗ്ലൂരിൽ 1939 നവംബർ 4-നാണ് അവർ ജനിച്ചത്. മൂന്നു വയസ്സുള്ളപ്പോൾ അച്ഛനുമൊത്ത് ചീട്ടുകളിച്ചു കൊണ്ടിരിക്കുമ്പോഴാണ് കണക്കുകൂട്ടാൻകൊച്ചു
ശകുന്തളയ്ക്കുള്ള മിടുക്ക് ആദ്യമായി വെളിവാകുന്നത്. അഞ്ച് വയസ്സായപ്പോഴേക്കും സങ്കീർണ്ണമായ കണക്കുകൾ മനസ്സിൽ കൂട്ടുന്നതിൽ വിദഗ്ധയായി കഴിഞ്ഞിരുന്നു അവർ.ആറാമത്തെ വയസ്സിൽ മൈസൂർ
യൂണിവേഴ്സിറ്റിയിൽ തന്റെ കഴിവ് തെളിയിച്ച അവർ പിന്നീട് ലോകത്തിന്റെ പലഭാഗങ്ങളിലുമുള്ള ഗണിതശാസ്ത്ര വിദഗ്ധരെ അത്ഭുതപരതന്ത്രരാക്കി.1977-ൽ 38 ാംമത്

വയസ്സിൽ ശകുന്തളാ ദേവി 210 അക്കങ്ങളുള്ള
ഒരു സംഖ്യയുടെ ഇരുപത്തിമൂന്നാമത് വർഗ്ഗമൂലം മനസ്സിൽ കൂട്ടി അത്ഭുതം സൃഷ്ടിച്ചു.
1980-ൽ ലണ്ടനിലെ ഇംപീരിയൽ കോളേജിൽ 13 അക്കങ്ങൾ വീതമുള്ള രണ്ട് സംഖ്യകളെ 28 സെക്കന്റുകൾ കൊണ്ട് ഗുണിച്ച് അവർ ഉത്തരം പറഞ്ഞു.

# വിദ്യാലയം പ്രതിഭയിലേക്ക്



വിദ്യാലയം പ്രതിഭയിലേക്ക് എന്ന പരിപാടിയുടെ ഭാഗമായി ഞങ്ങളുടെ സ്കൂളിന്റെ സമീപത്തുള്ള Dr. Ujjwal Singh Thrivedhi എന്ന മഹത് വ്യക്തിയെയാണ് ആദരിക്കാൻ ഞങ്ങൾ തിരഞ്ഞെടുത്തത്.

സ്കൂൾ പ്രഥമ അദ്ധ്യാപികയായ ബിന്ദു ടീച്ചറും , 5 അദ്ധ്യാപകരും , 15 കുട്ടികളും



അടങ്ങുന്ന സംഘമായിരുന്നു അദ്ദേഹത്തെ ആദരി അദ്ദേഹത്തിന്റെ വസതിയിൽ എത്തിയത്.എന്നേ തങ്ങി നിൽക്കുന്ന ഒരു സ്വീകരണമാണ് അദ്ദേഹം തന്നത്. രാജ്യസേവകനായ സൈനികോദ്യോഗസ്ഥ ഒരു ഡോക്ടർ എന്ന നിലയിലുമുള്ള അദ്ദേഹത്തിന്റെ സേവനം മനസ്സിൽ ധൈര്യത്തിന്റേയും സേവനത്തിന്റെയും അലയൊലികൾ ഉണർത്തി. Dr. APJ Abdul Kalaa മിനെ നേരിൽ കണ്ട അദ്ദേഹത്തിന്റെ അനുഭവം ഞങ്ങളുമായി പങ്കുവച്ചു. വിവിധ തരം സസ്യങ്ങളുള്ള മനോഹരമായ അന്തരീക്ഷത്തിലിരുന്നു കൊണ്ടുള്ള ഞങ്ങളുടെ സംവദനം , സസ്യങ്ങളെ നട്ടുവളർത്തി പരിപാലിക്കുവാനുള്ള ഊർജ്ജം ഏകുന്നതായിരുന്നു.




**വിഭവസമൃദ്ധമായ ഒരു സദ്യയും അദ്ദേഹത്തിന്റെ രചനയായ 'ഉദരവ്രണങ്ങൾ അൾസർ മുതൽ അർബുദം വരെ' നൽകി അദ്ദേഹം ഞങ്ങളെ യാത്രയാക്കിയപ്പോൾ ഞങ്ങളുടെ പൂർവ്വ വിദ്യാർഥിയായ ആ മഹത് വ്യക്തിയുമായുള്ള കൂടിക്കാഴ്ച്ച ഊർവ്വരമായ ഹ്രദയ ഭൂമിയിലേക്ക് ഒരു നീരുറവ പോലെ അനുഭവവേദ്യമായി.**



# വിദ്യാലയം
# പ്രതിഭയിലേക്ക്

വിദ്യാലയം പ്രതിഭയിലേക്ക് എന്ന പരിപാടിയുടെ ഭാഗമായി കലാ സാംസ്കാരിക തലത്തിൽ മുൻ നിരയിൽ നിൽക്കുന്ന ശ്രീ. വിജയകുമാരിയുടെ ഭവന സന്ദർശനം നടത്തുകയുണ്ടായി. നാടകസാമ്രാട്ട് ശ്രീ. ഓമാധവന്റെ സഹദർമ്മിണിയും ,പ്രശസ്ത നടനും കൊല്ലത്തിന്റെ നായകനുമായ ശ്രീ. മുകേഷിന്റെ അമ്മയും പ്രശസ്ത നടിയുമായ ശ്രീ. വിജയകുമാരിയോടൊപ്പം കുറച്ചു സമയം ചിലവഴിക്കുവാൻ വി .വി. വി. എച്ച്. എസ്സ്. എസ്സിലെ കുട്ടികളായ ഞങ്ങൾക്ക് കിട്ടിയ നല്ല ഒരു അനുഭവ സമ്പത്തായി ഞങ്ങളിതിനെ കാണുന്നു. സ്വജീവിതത്തിലെ അനുഭവങ്ങൾ  ഞങ്ങളോട് പങ്കുവയ്ക്കുകയും ഞങ്ങളുടെ കലാപരമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനു വേണ്ടി പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്തു.






# വിദ്യാലയം പ്രതിഭയിലേയ്ക്ക്



വിദ്യാലയം പ്രതിഭയിലേയ്ക്ക് എന്ന പരിപാടിയുടെ ഭാഗമായി കൊല്ലത്തിന്റെ സാംസ്കാരിക പ്രധാനിയും വ്യവസായിക പ്രമുഖനുമായ ശ്രീ . രവീന്ദ്രനാഥൻ നായർ അവർകളെ സന്ദർശിക്കുകയുണ്ടായി.

മലയാളസിനിമയെ ദേശാന്തരീയ പ്രശസ്തിയിലേയ്ക്ക് ഉയർത്തിയ അദ്ദേഹം അച്ചാണി രവി എന്നറിയപ്പെടുകയും ചെയ്തു.കൊല്ലത്തിനുവേണ്ടി ബാലഭവൻഓഡിറ്റോറിയം ജില്ലാ ആശുപത്രിയിലെ കുട്ടികളുടെ വാർഡ് കൊല്ലം പബ്ലിക് ലൈബ്രറി തുടങ്ങിയ ഒരുപാട് സംരഭങ്ങൾ കൊല്ലത്തിനുവേണ്ടി സംഭാവന ചെയ്ത അദ്ദേഹത്തെ കാണാൻ അവസരം ലഭിച്ചത് വലിയൊരു സൗഭാഗ്യമായി ഞങ്ങൾ കാണുന്നു . അദ്ദേഹത്തോടൊപ്പം ചിലവഴിച്ച സമയം എന്തുകൊണ്ടും ഞങ്ങളുടെ ഭാവിജീവിതത്തിൽ ഒരുപാട് പ്രചോദനങ്ങൾ നൽ കാൻ ഉതകത്തക്കതായിരുന്നു.



വി.വി.വി.എച്ച്.എസ്.എസ് അയത്തിൽ

ജനുവരി മാസം 11,12 തീയതികളിൽ മുംബൈയിൽ വച്ച് നാഷണൽ റോബോട്ടിക് മത്സാരം നടന്നിരുന്ന പട്ടേൽ  എഞ്ചിനീറിംഗ് കോളേജായിരുന്നു മത്സാരവേദി. ഈ നാഷണൽ മത്സാരാത്തിൽ ഞങ്ങളുടെ വിദ്യാലയത്തിലെ കുട്ടികൾക്ക്  അവസരം ലഭിച്ചത് വലിയ ഭാഗ്യമാണ് നമ്മുടെ ചുണകുട്ടികളായ അഫ്സൽ അലി , മുഹമ്മദ് അനസ്, ഇർഫാൻ എന്നിവരാണ് മത്സരത്തിൽ മാറ്റുരച്ചത് രാജ്യത്തിൻ വിവിധ ഭാഗങ്ങളിൽ നിന്നും കുട്ടികളുടെ ഒരു വാൻ നിര തന്നെ എത്തിയിരുന്നു അവരോടൊപ്പം മത്സരിക്കാൻ

## കഴിഞ്ഞത് കുട്ടികളുടെ വിദ്യാലയ ജിവിതത്തിലെ ഒരു സാന്തോഷകരമായ അനുഭവമാണ്.



തുമ്പികൾ പറയുന്നത്

വി.വി.വി.എച്ച്.എസ്.എസ് അയത്തിൽ

# പൂന്തോട്ടം

ഒരിടത്ത് ഒരു ഭംഗിയുള്ള പൂന്തോട്ടം



ഉണ്ടായിരുന്നു. പല നിറത്തിലും ആകൃതിയിലും ഉള്ള പൂക്കൾ നിറഞ്ഞ പൂന്തോട്ടം. രാവിൽ പൂമ്പാറ്റകളും വണ്ടുകളും പൂവിന്റെ സുഗന്ധം പിടിച്ച് പൂന്തോട്ട- ത്തിലേക്ക്പാറി വരുംപൂവിന്റെ നല്ല മധുരമുള്ള
 തേൻ കുടിക്കാൻ. ആ ഭംഗിയാർന്ന
പൂന്തോട്ടത്തിന്റെ ഉടമയാണ് കാവേരി. അവൾക്ക് അവളുടെ ജീവനെക്കാൾ ഏറെ ഇഷ്ടമാണ് ആ  പൂന്തോട്ടം . ഒരോ
 ദിവസവും ചെടിയിൽ പുതിയ മൊട്ട് വന്നോ ഇലകൾ വന്നോ എന്നൊക്കെ അവൾ സൂക്ഷ്മമായി നിരീക്ഷിക്കും. ഒരു ദിവസം അവൾ പൂന്തോട്ടത്തിലെ
 ചെടികൾക്ക് വെള്ളം നനച്ച് വീട്ടിലേക്ക് വന്നു. അപ്പോഴാണ് അവളുടെ അച്ഛനും അമ്മയും എന്തൊക്കെയോ മുറിയിൽ ഇരുന്നു സംസാരിക്കുന്നു. അവൾപതുക്കെ മുറിയിലെ വാതലിൽ  ചെവി- ക്കോർത്ത് നിന്നു.  അവരുടെ സംസാരം ഇതായിരുന്നു. ആ പൂന്തോട്ടത്തെ വെട്ടി നശിപ്പിച്ച് അവിടെ ഒരു കട പണിയാം. അമ്മ ചോദിച്ചു കടയോ! എന്ത് കട? .അച്ഛൻ പറഞ്ഞു നിനക്ക് ഒരു വരുമാനം ഇല്ലല്ലോ? അതുകൊണ്ട് ഒരു തയ്യക്കട പണിയാം. അമ്മ പറഞ്ഞു ശരിയാ      പക്ഷേ കാവേരി സമ്മതിക്കുമോ അച്ഛൻ പറ ഞ്ഞു. അവളോട് പറഞ്ഞ്  സമ്മതിപ്പിക്കാം . വെറുതെ എന്തിനാ അവിടെ                                    ഒരു പൂന്തോട്ടം. അവൾക്ക്

സങ്കടവും ദേഷ്യവും വന്നു. അവൾ പെട്ടന്ന് മുറിയുടെ വാതിൽ തള്ളി തുറന്നു എന്നിട്ട് അവൾ പറഞ്ഞു എന്തിനാ എന്റെ പൂന്തോട്ടം നശിപ്പിക്കുന്നത് ഞാൻ അതിനു സമ്മതിക്കില്ല. ആ പൂന്തോട്ടത്തിലേ പൂക്കളാണ് എന്റെ സന്തോഷം. എന്റെ സന്തോഷം നശിപ്പിക്കാനാണ് എങ്കിൽ നിങ്ങൾക്ക് ആ പൂന്തോട്ടം നശിപ്പിക്കാം പക്ഷേ രാവിൽ പാറി വരുന്ന വണ്ടുകളോടും പൂമ്പാറ്റകളോടും ഞാൻ എന്തു പറയും.ഇത്രയും പറഞ്ഞ് അവൾ അവിടെ നിന്ന് കരഞ്ഞു.എന്നിട്ട് അവളുടെ മുറിയിലേക്ക് ഓടി. അമ്മയുടെ കണ്ണുകൾ നിറഞ്ഞു. എന്നിട്ട് അച്ഛനോട് പറഞ്ഞു ആ പൂന്തോട്ടം നശിപ്പിക്കേണ്ട. അച്ഛൻ പറഞ്ഞു ശരി നിനക്ക് ടൗണിൽ ഒരു കട എടുത്തു തരാം. എങ്കിൽ വാ  നമുക്ക് കാവേരിയോട് പറയാം. അമ്മ കാവേരിയെ വിളിച്ചു. കാവേരി .................... കാവേരി........വിളികേട്ട് കാവേരി ഓടി വന്നു. അമ്മ പറ ഞ്ഞു നീ വിഷമിക്കേണ്ട ഞങ്ങൾ ആ പൂന്തോട്ടം നശിപ്പിക്കില്ല. അവൾക്ക് സന്തോഷമായി. എന്നിട്ട് അച്ഛനും അമ്മയ്ക്കും ഉമ്മ നൽകി അവളുടെ ജീവന്റെ ജീവനായ ആ പൂന്തോട്ടത്തിലേക്ക് ഓടി. പൂന്തോട്ടത്തിലെ പൂക്കളെയും പൂമ്പാറ്റകളെയും നോക്കി പുഞ്ചിരിച്ചു എന്നിട്ട് അവരോട് പറഞ്ഞു. ഈ പ്രകൃതി മനുഷ്യനുമാത്രമല്ല നിങ്ങളെ പോലെയുള്ള ജീവജാലങ്ങൾക്കും വേണ്ടിയാണ് ദൈവം സൃ ഷ്ടിച്ചിരിക്കുന്നത് അതുകൊണ്ട് നിങ്ങളെ ഇവിടെ നിന്നും ആരും അടർത്തി മാറ്റില്ല എന്നു പറഞ്ഞു കൊണ്ട് അവൾ വീട്ടിലേക്ക് മടങ്ങി......

തുമ്പികൾ പറയുന്നത്

വി.വി.വി.എച്ച്.എസ്.എസ് അയത്തിൽ

തുമ്പികൾ പറയുന്നത്

വി.വി.വി.എച്ച്.എസ്.എസ് അയത്തിൽ

തുമ്പികൾ പറയുന്നത്




# ആർട്ട് ഗ്യാലറി

വി.വി.വി.എച്ച്.എസ്.എസ് അയത്തിൽ

തുമ്പികൾ പറയുന്നത്


വി.വി.വി.എച്ച്.എസ്.എസ് അയത്തിൽ


തുമ്പികൾ പറയുന്നത്




വി.വി.വി.എച്ച്.എസ്.എസ് അയത്തിൽ

# തുമ്പികൾ പറയുന്നത്












വി.വി.വി.എച്ച്.എസ്.എസ് അയത്തിൽ

# തുമ്പികൾ പറയുന്നത്









വി.

# ശിഷ്ട സ്വപ്നങ്ങളുടെ നഷ്ടബാല്യങ്ങൾ

ഔപചാരികതകളോടും ആമുഖങ്ങളോടും അടുത്തകാലത്ത് വല്ലാതൊരു മടുപ്പാണ്. മുഖമൂടി അണിഞ്ഞു നിൽക്കേണ്ട സന്ദർഭങ്ങൾ മിക്കവാറും ഒഴിവാക്കുകയാണ് പതിവ്.സ്കൂൾ മുറ്റത്തുനിന്ന് വീട്ടിലേക്കു പഴയ ഇടവഴിയിലൂടെ ഒരുയാത്ര, ഓർത്തപ്പോൾ തന്നെ വല്ലാത്തൊരു രസം തോന്നി. ഒന്നാം ക്ലാസ്സിലെ കൂടിച്ചേരൽ കഴിഞ്ഞു ബോധപൂർവ്വമായിരുന്നു അവൾ ആ യാത്ര സൃഷ്ടിച്ചത് .പഴമയിലേക്കു ഒരു തിരിച്ചുപോക്ക്. ഇടവഴി തുടക്കുന്നതിനു മുമ്പ് തന്നെയുള്ള പലരുടെയും ചോദ്യകൾ അവൾ അവഗണിച്ചു . പണ്ട് ഇരുവശത്തും വേലികളായിരുന്നു, അതിൽ നിറയെ ചിലന്തി കിഴങ്ങിന്റെ വള്ളികൾ. അതിനിടയിൽ വെള്ളവെട്ടുപ്പൂകൾ ,വെട്ടുപ്പൂകൾ പിച്ചി ഒന്ന് കശക്കി ഊതി സ്വന്തം നെറ്റിയിലോ അടുത്തിരിക്കുന്നവരുടെ നെറ്റിലോ പതുകെ ഒന്നിടിക്കുമ്പോൾ ടപ്പ് എന്ന് പൊട്ടും. കൂട്ടുകാരുമായി നടന്നുപോയ ആ യാത്രയുടെ രസം. പഞ്ചാരമണൽ തരികളിൽ ചവിട്ടി കൂട്ടുകാരോടൊപ്പം നടന്ന ദൂരം ദൂരമേയല്ലായിരുന്നു. ഇടവഴികളെല്ലാം മാറി ടാർ റോഡും ഇരുവശത്തും കോൺക്രീറ്റ് കെട്ടിടകളും ഒക്കെയായി. മനുഷ്യരെല്ലാം ഉള്ളറകളിലേക്കു ഒതുങ്ങിയത് കൊണ്ട് വഴി വിജനമായിരുന്നു .എപ്പോഴാണ് ഈ വഴിത്താരകൾ അവൾക്കു പരിചിതമായി തുടക്കിയത്. കശുമാവിൻ തോട്ടങ്ങൾ കൂട്ടുകാരായി മാറിയത് .പ്രീപ്രൈമറി ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ആംഗ്ലോഇന്ത്യൻ മാം മാർക് പണയം വെച്ച ബാല്യമായിരുന്നു .പൊരുത്തക്കേടുകൾ

കൊണ്ടും ഈശ്വരന്റെ ഇടപെടലുകൊണ്ടും ഒന്നാം ക്ലാസ്സിൽ ഗവ; എൽപി സ്കൂളിലെത്തി. നഷ്ടബാല്യം തിരിച്ചുകിട്ടിയ സന്തോഷത്തിലായിരുന്നു അവൾ .ആദ്യം ദേവകിയമ്മ ടീച്ചറിന്റെ ക്ലാസിൽ അവളുടെ അച്ഛന്റെഭാഷയിൽ പറഞ്ഞാൽ ദേവകിഅക്കച്ചിയുടെ ക്ലാസ്സിൽ ആ അക്കച്ചിവിളിയിൽ അതുവരെ മാം മാരിൽ നിന്നും കിട്ടാത്ത ഒരു സുരക്ഷിതത്വം അവൾ അറിഞ്ഞു. ആദ്യദിന ഓർമയിൽ കുറച്ചു സമയം ബെഞ്ചിൽ ഇരുന്നു ,പിന്നീട് വന്നകുട്ടികളേ താഴെ ഇരുത്തിയിട്ടുണ്ടായിരുന്നു . ഇന്റെർവെല്ലിനു [അന്ന് മറ്റൊരു പേരാണ് പറഞ്ഞിരുന്നത് ] ശേഷം അവൾ താഴെ ഇരുന്നു ചന്ദനകള്ളറിൽ കാപ്പിപൊടിപൂവുള്ള  ടീച്ചറിന്റെ സാരിയുടെ ഭംഗിയാസ്വദിച്ചു മേശയോട് ചേർന്നിരുന്നു. മണ്ണിൽ കളിക്കാനും മഴനനയാനും മരത്തിൽ കയറാനും മനസുതുറന്നു പൊട്ടിച്ചിരിക്കാനും അവളുടെ ശിഷ്ടാബാല്യം മുന്നിൽ. പി.പി .പി. ആവളൊന്നു തിരിഞ്ഞുനോക്കി .പതിവിനു വിപരീതമായി അച്ഛൻ ഒപ്പമുണ്ട്. സാധാരണയവളെ സ്കൂളിൽ വിട്ടു തിരിച്ചുപോകാറാണ് പതിവ് .മനസ്സിൽ പലവിധ ചിന്തകൾ വന്നു തലേ ദിവസം എലിസബത്ത് ടീച്ചർ സ്ലേറ്റിലിട്ട ഉണ്ടന ചിഹ്നമാണോ വരവിന്റെ പിന്നിൽ. പരമാവധി നെഞ്ചോടമർത്തി ആ സ്ലേറ്റിനെ അവൾ സ്നേഹിച്ചിരുന്നുവല്ലോ. സ്കൂളിന്റെ തിണ്ണയിൽ ഒരു ഭാഗത്തു കുറച്ചു കുട്ടുകാരിരുന്നു കല്ലുകളിക്കുകയായിരുന്നു .ഒരുവലിയകല്ല് മേല്പോട്ടു എറിഞ്ഞ്  ബാക്കി നാൽ കല്ലുകൾ എടുക്കുന്ന ശ്രദ്ധയിലായിരുന്നു  അവർ മറ്റൊരുഭാഗത്തു ഒരു കൂട്ടം കൂട്ടുകാർ മഷിത്തണ്ട് വില്പനയിലായിരുന്നു .  ഒരു പെന്സില് മുറിക്ക്  ഒരു മഷിത്തണ്ട് അതാണ് കണക്കു .മറ്റൊരുഭാഗത്താകട്ടെ തീപ്പെട്ടി കാഴ്ചയിലും ആയിരുന്നു .  സ്കൂളിന്റെ മുറ്റത്തിന്റെ ഒരു ഭാഗത്തു  തകർത്തു കുട്ടിയും കോല്ലും കളി

നടക്കുന്നുണ്ട് . മറ്റൊരു ഭാഗത്തു ഓലപന്തിനു പിറകയും സാധാരണ ഗതിയിൽ അവളും ഇതിലേതെങ്കിലും ഒരു കൂട്ടത്തിൽ കൂടാറാണ് പതിവ് .അച്ഛൻ സ്കൂളിന് പുറകുവശത്തേക്കു നടന്നു ,അവിടെ മൂപര് നില്പുണ്ടായിരുന്നു .തലയിൽ ഒരു തലക്കെട്ടും ഇടിപ്പിൽ കത്താളും തൂക്കിയിട്ടു. അവൾ ആലോചിച്ചു ,എന്റെ സ്കൂളിൽ അച്ഛനും മൂപർക്കും എന്താകാര്യം സ്കൂളിന്റെ കളിമുറ്റത്തു വലിയ ഒരു മാവും അഞ്ചാറുദിക്കുകളും ഉണ്ടായിരുന്നു. മാങ്ങ താഴേക്കു വീണതും കൂട്ടുകാർ കളി നിർത്തി സൗഹൃദം സടകുടഞ്ഞുന്നറിഞ്ഞു. ഒരു മാല എടുത്തിട്ട് അച്ഛന്റെമുഖത്തേയ്ക്ക് നോക്കി ഭാഗ്യം ഭാവവ്യത്യാസം എല്ലാം ഉള്ളവൻ പറ്റിയ അവസരം പരമാവധി മുതലെടുത്തു ബാല്യത്തിന്റെ എണ്ണിയാൽ തീരാത്ത നനുത്ത ഓർമകളുമായി വീടെത്തിയതറിഞ്ഞില്ല സിറ്ഔട്ടിൽ വീർത്തുകെട്ടിയ മുഖവുമായി മോളിലിരിപ്പുണ്ട് തോളത്തെ ബാഗ് കണ്ടപോരെ മനസിലായി വന്നിട്ടേയുള്ളു ചോദിച്ചാൽ മറുപടി തർക്കുത്തരമാകും അതുകൊണ്ടു ചോദ്യകൾ പരമാവധി ഒരുവാക്കുക്കയാണ് ഈ അടുത്തകാലത്തെ പതിവ് അകത്തേക്കു കയറിയതും എഴെട്ടുകിലോ ഭാരമുള്ള ബാഗ് സെറ്റിയിലേക്കെറിഞ്ഞു കാലിൽ കിടന്ന ഷൂ ശക്തിയിൽ കുടന്നെറിഞ്ഞു ആരോടൊക്കെയോ ഉള്ള പക ലോകത്തോട് മൊത്തമുള്ള പ്രേതിഷേധവും കുടഞ്ഞെറിയുന്നപോലെ .കഴുത്തിലെ ടൈയും മേൽക്കുപ്പായവും കട്ടിലില്ലേർക്കു അൾത്താരയ്ക്കു മുന്നിലെ ദൈവത്തെ പോലെ അവളും കിടന്നു ഓർക്കപെടാൻ ബാല്യമില്ലാതെ .

തുമ്പികൾ പറയുന്നത്



വി.വി.വി.എച്ച്.എസ്.എസ് അയത്തിൽ